നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം യൂണിറ്റിന് ഒരു രൂപ നിരക്കിൽ അഞ്ചുവർഷത്തേയ്ക്കോ സൗരോർജ്ജ വൈദ്യുതി വാങ്ങൽ കരാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിക്കുന്നതുവരെയോ കരാർ പ്രകാരമുള്ള (RPO) സൗരോർജ്ജം സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതുവരെയോ ഇൻസെന്റീവ് നൽകുന്നതാണ്.

## സൗരോർജ്ജ വൈദ്യുത പദ്ധതികൾ

**53 (398)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സൗരോർജ്ജ പദ്ധതികൾ വികസിപ്പിച്ച 60 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയത് വിനിയോഗിച്ച നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

2014-15 സാമ്പത്തിക വർഷം അനെർട്ട് മുഖേന 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള 12 മെഗാവാട്ട് ഉൽപ്പാദനശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ ഫോട്ടോവോൾട്ടായിക് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിരുന്നു. കിലോവാട്ടിന് 10,000 രൂപ എന്ന നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡിയും നിശ്ചിത തുകയുടെ 30 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാർ സബ്സിഡിയും ഉപയോഗപ്പെടുത്തി ഈ പദ്ധതിയുടെ നിർവ്വഹണം കേന്ദ്ര സർക്കാരിന്റെ അംഗീകൃത എംപാനൽഡ് നിർമ്മാതാക്കൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 11 മെഗാവാട്ട് ശേഷിയുള്ള പവർപ്ലാന്റുകളുടെ രജിസ്ട്രേഷൻ ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കണക്ടിവിറ്റി അംഗീകാരത്തിന് വിധേയമായിട്ടാകും ഇവ സ്ഥാപിക്കുന്നത്.

## സൗരോർജ്ജ വൈദ്യുതി

**54 (399)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൗരോർജ്ജത്തിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇത് സംസ്ഥാനത്തിന്റെ ആവശ്യത്തിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതിയിൽ എത്ര യൂണിറ്റ് ബോർഡിലേക്ക് ലഭിക്കുന്നുണ്ടെന്നും ആയത് സംസ്ഥാനത്ത് ആകെ ഉൽപാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതിയുടെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ ;

(സി) സൗരോർജ്ജ വൈദ്യുതിയുടെ ഉൽപ്പാദനത്തിനുവേണ്ടിവരുന്ന ഉയർന്ന ചെലവ് ലഘൂകരിക്കുവാനും കൂടുതൽ സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനും വൈദ്യുതി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിൽ കേരളം എത്രാം സ്ഥാനത്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന പതിനായിരം റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിയിൻകീഴിൽ ഇതുവരെ 7 മെഗാവാട്ടും സർക്കാർ/സ്വകാര്യ കെട്ടിടങ്ങളുടെ മേൽക്കൂരമേൽ പ്രത്യേക പദ്ധതികളായി ആകെ 434.36 കിലോവാട്ടും സോളാർ പവർപ്ലാന്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇവ ഓഫ് ഗ്രിഡ് വിഭാഗത്തിൽ പ്രവർത്തിക്കുന്നവയാണ്. കൂടാതെ, ഗ്രിഡ് കണക്റ്റഡ് പദ്ധതികളിൽ നിന്നായി മൊത്തം 154 കിലോവാട്ട് ശേഷിയുള്ള ചെറിയ സൗരോർജ്ജ പ്ലാന്റുകളാണ് കെ.എസ്.ഇ.ബി.യുടെ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ ഇതുവരെ രേഖപ്പെടുത്തിയ പരമാവധി ആവശ്യകതയായ 3461 മെഗാവാട്ടിന്റെ വളരെ ചെറിയ അംശം മാത്രമേ ആകുന്നുള്ളൂ.

(ബി) സംസ്ഥാനത്ത് ഒരു കെ.ഡബ്ല്യൂ.പി. ശേഷിയുള്ള പ്ലാന്റിൽനിന്നും ശരാശരി 4 യൂണിറ്റ് ഉൽപ്പാദനം സാദ്ധ്യമാണ്. ഇത്തരത്തിലുള്ള 154 കിലോവാട്ട് പ്ലാന്റിൽനിന്നും പ്രതിദിനം 616 യൂണിറ്റിന്റെ ഉൽപ്പാദനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് ഉപഭോക്താക്കളുടെ ആവശ്യം കഴിഞ്ഞുവരുന്ന വൈദ്യുതി മാത്രമേ കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് കടത്തിവിടുന്നുള്ളൂ. ആയതിനാൽ ഈ പദ്ധതികൾ വൻതോതിൽ കയറ്റുമതി മിച്ചമുണ്ടാക്കുമെന്ന് കരുതാനാവില്ല. നിലവിലുള്ള പ്ലാന്റുകളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി സംസ്ഥാനത്തെ പ്രതിദിന ആവശ്യകതയായ 62.78 ദശലക്ഷം യൂണിറ്റിന്റെ (മെയ് 2015-ലെ ശരാശരി പ്രതിദിന ഉപഭോഗം) നന്നേ ചെറിയ ശതമാനം മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സൗരോർജ്ജ പ്ലാന്റുകളെ കെ.എസ്.ഇ.ബി.യുടെ ഗ്രിഡുമായി ബന്ധിപ്പിക്കുവാൻ അനുവദിക്കുന്നതുവഴി സ്റ്റോറേജ് സംവിധാനം (ബാറ്ററി) ഒഴിവാക്കാൻ സാധിക്കുകയും തന്മൂലം പ്ലാന്റുകളുടെ പ്രതിഷ്ഠാപനച്ചെലവ് പകുതിയെങ്കിലും ആയി കുറയ്ക്കുവാൻ കഴിയും.

കൂടാതെ, വൻകിട പദ്ധതികളായ കൊല്ലം ജില്ലയിലെ 50 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ്, കാസർഗോഡ് ജില്ലയിലെ 200 മെഗാവാട്ട് സൗരോർജ്ജ പാർക്ക് എന്നിവ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ആവിഷ്കരിക്കുന്നതു വഴി സോളാർ മേഖലയിൽ അധിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഉൽപ്പാദന വിലകുറയുന്നതിനും ഉപകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

സൗരോർജ്ജ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. 10-6-2014-ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ റെഗുലേഷന് വിധേയമായി താഴെപ്പറയുന്ന നടപടികൾ ചെയ്തുവരുന്നു :

- ഉപഭോക്താവിന്റെ സൗരോർജ്ജ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന അധിക വൈദ്യുതി ഗ്രിഡിലേയ്ക്ക് പ്രസരിപ്പിക്കുന്നതിനും ഉൽപ്പാദനം കുറഞ്ഞതോ ഇല്ലാത്തതോ ആയ സന്ദർഭങ്ങളിൽ വൈദ്യുതി ഗ്രിഡിൽനിന്നും സ്വീകരിക്കുന്നതിനും അനുയോജ്യമായ നെറ്റ്മീറ്ററിംഗ് സംവിധാനം കെ.എസ്.ഇ.ബി. നടപ്പിലാക്കിയിട്ടുണ്ട്.

- സൗരോർജ്ജ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വൈദ്യുതി ഉപഭോക്താവ് ഏത് നിരക്കിലാണോ വൈദ്യുതി ഉപയോഗിക്കുന്നത് അതേ നിരക്കിൽ ഉപഭോക്താവിന് നൽകുന്നതിനുള്ള നടപടികളും കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുണ്ട്.

- ഉപഭോക്താവിന് ഒന്നിലധികം സ്ഥലങ്ങളിൽ സ്വന്തം പേരിൽ കണക്ഷനുകളുണ്ടെങ്കിൽ ഒരു സ്ഥലത്തുള്ള സൗരോർജ്ജ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുത ഉപഭോഗം കഴിഞ്ഞ് അധികമായി 500 യൂണിറ്റ് ഉണ്ടെങ്കിൽ ഉപഭോക്താവിന് ആവശ്യമുള്ള സ്ഥലത്തേയ്ക്ക് ഉപഭോക്താവ് നൽകുന്ന മുൻഗണനാക്രമത്തിൽ കൊണ്ടുപോകുന്നതിനുള്ള അവസരം കെ.എസ്.ഇ.ബി. നൽകിവരുന്നു.

(ഡി) എം.എൻ.ആർ.ഇ.-യുടെ 2013-ലെ ഗ്രിഡ് കണക്റ്റഡ് സൗരവൈദ്യുതി ഉൽപ്പാദനശേഷിയുടെ കണക്കുപ്രകാരം 25 കിലോവാട്ട് ശേഷിയോടെ കേരളം 19-ാം സ്ഥാനത്താണ്.

LIBRARY ARCHIVES Kerala Legislative Assembly